## പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം : 391 — 27.09.2016 ൽ മറുപടിക്ക്

### കെ.എസ്.ഇ.ബി.ലിമിറ്റഡ്

| ചോദ്യം<br>ശ്രീ.പി.കെ.കുഞ്ഞാലിക്കുട്ടി | ഉത്തരം<br>ശ്രീ.കടകംപള്ളി സുരേന്ദ്രൻ<br>(വൈദ്യുതിയും ദേവസ്വവും വകുപ്പ് മന്ത്രി) |
|---|---|
| (എ) വൈദ്യുതി നിരക്ക് കുറയ്ക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; | (എ) വൈദ്യുതി നിയമം, 2003 - ലെ 61, 62, 64, 86 എന്നീ വകുപ്പുകൾ പ്രകാരം, സംസ്ഥാനത്തെ എല്ലാ വിഭാഗം ഉപഭോക്താക്കളുടെയും വൈദ്യുതി താരിഫ് നിർണ്ണയിക്കുന്നതിനും, വ്യതിയാനം വരുത്തുന്നതിനുമുള്ള പൂർണ്ണ അധികാരം സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷനിൽ മാത്രം നിക്ഷിപ്തമാണ്. 2016-17 ലേക്ക് ബാധകമായ വൈദ്യുതി നിരക്കിന്റെ നിർണ്ണയം പൂർത്തിയായിട്ടില്ല. |
| (ബി) കെ.എസ്.ഇ.ബി.ലിമിറ്റഡ് ലാഭത്തിലാണെന്നും വരുംവർഷം ലാഭം 600 കോടി കവിയുമെന്നുമുള്ള റിപ്പോർട്ട് ശരിയാണോ എന്ന് വ്യക്തമാക്കുമോ; | (ബി) സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ 22.06.2016 – ൽ പ്രസിദ്ധീകരിച്ച കണക്കുകൾ പ്രകാരം, 2017-18 സാമ്പത്തിക വർഷത്തിൽ, കെ.എസ്.ഇ.ബി. എൽ - ന് 600.39 കോടി രൂപ റവന്യൂമിച്ചം ഉണ്ടെന്ന അനുമാനത്തിൽ എത്തിച്ചേർന്നിരുന്നു. എന്നാൽ റെഗുലേറ്ററി കമ്മീഷൻ തയ്യാറാക്കിയ കണക്കുകളിൽ മേൽ യഥാർത്ഥ വസ്തുതകൾ വിവരിച്ചുകൊണ്ട്, വിശദമായ റിപ്പോർട്ട് റെഗുലേറ്ററി കമ്മീഷൻ മുമ്പാകെ കെ.എസ്.ഇ.ബി.എൽ. സമർപ്പിക്കുകയും, ഇതിനു മേൽ നടത്തിയ പൊതുതെളിവെടുപ്പിൽ വിശദമായ രേഖകൾ സമർപ്പിക്കുകയും, ശക്തമായ വിയോജനക്കുറിപ്പ് രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. കെ.എസ്.ഇ.ബി. എൽ. സമർപ്പിച്ച രേഖകൾ പ്രകാരം 2016-17 സാമ്പത്തിക വർഷത്തിൽ, റവന്യൂ കമ്മി 2052.56 കോടി രൂപയും, 2017-18 സാമ്പത്തിക വർഷത്തിൽ റവന്യൂ കമ്മി 1924.55 കോടി രൂപയും ആണ്. പ്രസ്തുത വിഷയത്തിൽ കെ.എസ്.ഇ.ആർ.സി. അന്തിമ ഉത്തരവുകൾ ഒന്നും തന്നെ പുറപ്പെടുവിച്ചിട്ടില്ല. |
| (സി) എങ്കിൽ ഗാർഹിക ഉപഭോക്താക്കളുടെ താരീഫ് ഗണ്യ | (സി) കെ.എസ്.ഇ.ബി.എൽ. തയ്യാറാക്കിയ കണക്കുകൾ പ്രകാരം, വരും വർഷങ്ങളിലും റവന്യൂ കമ്മി ഉണ്ടായിരിക്കും എന്നാണ് കണക്കാക്കിയിട്ടുള്ളത്. കൂടാതെ ക്രോസ് സബ്സിഡി ഘട്ടം |

| | |
|---|---|
| മായി കുറയ്ക്കുന്ന കാര്യം പരിഗണനയിലുണ്ടോ; ഇല്ലെങ്കിൽ പരിഗണിക്കുമോ ? | ഘട്ടമായി കുറയ്ക്കണമെന്ന കേന്ദ്ര താരിഫ് നയം പ്രാബല്യത്തിൽ ഉണ്ട്. നിലവിൽ ഗണ്യമായ ക്രോസ് സബ്സിഡി ലഭിക്കുന്ന ഗാർഹിക ഉപഭോക്താക്കളുടെ നിരക്കുകൾ കുറയ്ക്കുന്നതിന് ഈ സാഹചര്യത്തിൽ തടസ്സങ്ങളുണ്ട്. |

സെക്ഷൻ ഓഫീസർ